## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4439 — 26/06/2012 - ൽ മറുപടിക്ക്

**മഞ്ചേശ്വരത്തെ റേഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി.ബി.അബ്ദുൾ റസാക് | | ശ്രീ. അനൂപ് ജേക്കബ്. (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) | കാസർകോട് ജില്ലയിൽ ഇടയ്ക്കിടയ്ക്ക് റേഷൻ വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | എഫ്.സി.ഐ. ഡിപ്പോയിലെ തൊഴിൽ പ്രശ്നങ്ങൾ കാരണം കഴിഞ്ഞ ഏപ്രിൽ, മെയ്, മാസങ്ങളിൽ ജില്ലയിലേക്ക് അനുവദിച്ച റേഷൻ സാധനങ്ങൾ യഥാസമയം വിട്ടെടുപ്പ് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. തന്മൂലം കാർഡുടമകൾക്കുള്ള ഏപ്രിൽ മാസത്തെ റേഷൻ വിതരണം 19-05-2012 വരെയും മെയ് മാസത്തെ വിതരണം 09-06-12 വരെയും ദീർഘിപ്പിക്കേണ്ടതായി വന്നു. എഫ്.സി.ഐ. ഡിപ്പോയിൽ നിന്നുള്ള വിട്ടെടുക്കൽ വൈകിയതു മൂലം റേഷൻ വിതരണത്തിൽ കുറച്ചു കാലതാമസം വന്നിട്ടുണ്ട് എങ്കിലും റേഷൻ വിതരണം തടസ്സപ്പെട്ടില്ല. ഇപ്പോൾ പ്രശ്നങ്ങൾ പരിഹരിച്ച് യഥാസമയം വിതരണം നടന്നു വരുന്നു. |
| ബി) | നീലേശ്വരം എഫ്.സി.ഐ-യിൽ നിന്ന് യഥാസമയം മഞ്ചേശ്വരം ഭാഗങ്ങളിലെ റേഷൻ കടകളിൽ റേഷൻ സാധനങ്ങൾ എത്തുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണം എന്താണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; | (ബി) | നീലേശ്വരം എഫ്.സി.ഐ. ഡിപ്പോയിലെ തൊഴിലാളി സമരം മൂലം യഥാസമയം സ്റ്റോക്ക് റേഷൻകടകളിൽ എത്തിക്കാൻ സാധിച്ചിരുന്നില്ല. തന്മൂലം 2012 ഏപ്രിൽ, മെയ് മാസങ്ങളിലെ റേഷൻ വിതരണം അടുത്ത മാസങ്ങളിലേക്ക് നീളുകയുണ്ടായി. ഇപ്പോൾ പ്രശ്നം പരിഹരിക്കപ്പെടുകയും വിതരണം തടസ്സമില്ലാതെ നടക്കുകയും ചെയ്യുന്നുണ്ട്. |
| സി) | മഞ്ചേശ്വരത്തെ റേഷൻ കടകൾക്ക് മംഗലാപുരം എഫ്.സി.ഐ-യിൽ നിന്നും റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നത് കൂടുതൽ സൗകര്യപ്രദമാകുമെന്നത് പരിശോധിച്ചിട്ടുണ്ടോ; അതിനാവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദ വിവരം വ്യക്തമാക്കുമോ; | (സി) | മഞ്ചേശ്വരത്തെ റേഷൻ കടകൾക്ക് കേരളത്തിൽ തന്നെയുള്ള നീലേശ്വരം എഫ്.സി.ഐ. ഡിപ്പോയിൽ നിന്ന് സ്റ്റോക്കെടുക്കുവാനുള്ള സാഹചര്യം ഇപ്പോൾ നിലവിലുണ്ട്. ആയതിനാൽ മറ്റ് സംവിധാനങ്ങളെക്കുറിച്ച് ആലോചിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ